കുന്ദമംഗലം - വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി

261 (950) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുപേർ വസിക്കുന്നതിൽ എല്ലാവരും ഭിന്നശേഷിക്കാരായ കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ കരിപ്പാൽ കദീശുമ്മ (നമ്പർ കെ.എൽ.എം. 78) യുടെ വീട്ടിലേക്കുള്ള വാട്ടർ കണക്ഷൻ കട്ട് ചെയ്യാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കുടുംബത്തിന്റെ പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ കുടുംബത്തിന് വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉപഭോക്താവ് 2001 ഫെബ്രുവരി മാസത്തിനുശേഷം കുടിവെള്ള ചാർജ്ജ് അടയ്ക്കാത്തതിനാലും വാട്ടർ മീറ്റർ പ്രവർത്തനരഹിതമായതിനാലുമാണ് 23-7-2006-ൽ കണക്ഷൻ വിച്ഛേദിച്ചത്. 2001 മാർച്ച് മാസം മുതൽ 2006 ജൂലൈ മാസം വരെ 8760 രൂപ കുടിശ്ശികയുണ്ട്.

(ബി) ഉണ്ട്.

(സി) ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കി നിലവിലുള്ള കുടിവെള്ള ചാർജ്ജ് കുടിശ്ശികയും നിയമാനുസൃതമായ പിഴയും, കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ ഡിസ്കണക്ഷൻ ഫീസും റീ കണക്ഷൻ ഫീസും അടച്ച് പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നപക്ഷം ടി കണക്ഷൻ മൂന്നുദിവസത്തിനകം പുനഃസ്ഥാപിച്ചു നൽകുന്നതാണ്. ഇതല്ലെങ്കിൽ മേൽപ്പറഞ്ഞ കുടുംബം ബി.പി.എൽ. റേഷൻ കാർഡ് ഹാജരാക്കുകയാണെങ്കിൽ മേൽപ്പടി കുടിശ്ശിക മുഴുവൻ ഒഴിവാക്കി 15 കി. ലിറ്റർ വരെയുള്ള ജലം സൗജന്യമായി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതാണ്.

ജലഗുണനിലവാര പരിശോധന

262(951) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പരിശോധനക്കായി ലാബുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, ഉപഭോക്താക്കളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന ജലസാമ്പിളുകൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്ത് ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 16 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാതല ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനു പുറമെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള സ്കീമുകളിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ഉന്നതനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധനയും മേൽപ്പറഞ്ഞ ലാബുകളിൽ നടത്തിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ&സാനിട്ടേഷൻ അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്രഗവൺമെന്റിന്റെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ സഹായത്തോടെ പുതുതായി 19 ജലഗുണനിലവാര പരിശോധന സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 17 ലാബുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly